(സി) ട്രാഫിക് അഡ്വൈസറി ബോർഡ് യോഗം വിളിച്ചുചേർക്കുന്നത് ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ്. പ്രസ്തുത യോഗത്തിൽ പോലീസ് ഓഫീസർമാർ പങ്കെടുക്കാറുണ്ട്.

(ഡി) അടുത്ത യോഗം 19-8-2004 വൈകുന്നേരം 3 മണിക്ക് കൂടാൻ തീരുമാനിച്ചിരിക്കുന്നു.

വിജിലൻസിന് ശുപാർശ ചെയ്ത പരാതികൾ

50 [2536] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പരാതികൾ വിജിലൻസിന് വിട്ടിട്ടുണ്ട് എന്നറിയിക്കാമോ; ആയതിൽ എത്ര എണ്ണത്തിൽ തീർപ്പായിട്ടുണ്ടെന്നും എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

51 [2537] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
" ടി. കെ. ബാലൻ:
" എം. വി. ജയരാജൻ:
" പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര;

(ബി) ഈ കേസ്സുകൾ ഏതെല്ലാം തരത്തിലുള്ളതാണെന്ന് തരം തിരിച്ച് വെളിപ്പെടുത്താമോ;

(സി) ഈ കേസ്സുകളിൽ പ്രതിചേർത്ത് സർവ്വീസിൽ നിന്നും പിരിച്ചുവിട്ട ഏതെങ്കിലും ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ഡി) അപ്രകാരം സർവ്വീസിൽ പ്രവേശിപ്പിച്ചവർ ഏതൊക്കെ കേസ്സിൽപ്പെട്ട വരാണെന്നും, അവരെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ച സാഹചര്യവും വെളിപ്പെടുത്താമോ;

(ഇ) തീർപ്പാക്കാത്ത വിജിലൻസ് കേസ്സുകളുടെ പുരോഗതി വെളിപ്പെടുത്താമോ;?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 491

(ബി) ഈ കേസ്സുകൾ പണാപഹരണം, ക്രമക്കേടുകൾ, കൈക്കൂലി ആവശ്യപ്പെട്ടതും വാങ്ങിയതും, അനധികൃത സ്വത്ത് സമ്പാദനം എന്നിവ സംബന്ധിച്ചതാണ്. ഇവയുടെ തരം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പണാപഹരണം	..	159
ക്രമക്കേടുകൾ	..	160
കൈക്കൂലി ആവശ്യപ്പെട്ടതും വാങ്ങിയതും	..	149
അനധികൃത സ്വത്ത് സമ്പാദനം	..	23
ആകെ	..	491

(സി ആന്റ് ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) തീർപ്പാക്കാത്ത കേസ്സുകളുടെ അന്വേഷണം പുരോഗമിച്ചുവരുന്നു.

പോലീസ് ഓഫീസർമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

52 [2538] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് ഓഫീസർമാർക്കെതിരെയാണ് വിജിലൻസ് അന്വേഷണം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവർ ആരെല്ലാമാണെന്നും ഇവരുടെ തസ്തികകൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 98

(ബി) വിജിലൻസ് അന്വേഷണത്തിൽ/വിജിലൻസ് കേസ്സിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പേരുവിവരം അന്വേഷണം പൂർത്തിയാകുന്നതിനു മുമ്പ് വെളിപ്പെടുത്തുന്നത് ഉചിതമല്ല. ഇവരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പോലീസ് കോൺസ്റ്റബിൾ	..	12
ഹെഡ് കോൺസ്റ്റബിൾ	..	17
അസി. സബ് ഇൻസ്പെക്ടർ	..	5
സബ് ഇൻസ്പെക്ടർ	..	27
സർക്കിൾ ഇൻസ്പെക്ടർ	..	21
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്	..	10
പോലീസ് സൂപ്രണ്ടും അതിനു മുകളിലുള്ള റാങ്കും	..	6
ആകെ	..	98

LIBRARY ARCHIVES Kerala Legislative Assembly